# കാൽവരി



കാൽവരിക്കുന്നിൻെറ താഴ്‌വരയികൽ
കാലഘട്ടങ്ങൾ തൻ കല്‌പടവികൽ
ദേവ! നിൻ സന്നിധാനത്തിലേയ്ക്കിന്നും
ഞാനുമെൻ ദുഃഖവും കൈകോർത്തു വന്നു
.

നീണ്ടു വളഞ്ഞൊരീപ്പാതയിലൂടെ
തോളിൽ നീ തന്ന കുരിശുകളേന്തി
ദേവ! നിൻ സന്നിധാനത്തലേയ്ക്കിന്നും
ഞാനുമെൻ ദുഃഖവും കൈകോർത്തു വന്നു
.

വേദന കൊണ്ടു പുളഞ്ഞു ഞാൻ വീണു
ഭാരം ചുമന്നു തളർന്നു ഞാൻ വീണു
സ്വർണ്ണക്കുരിശുകൾ മൂകരായ് നിന്നു
പള്ളികൾ വാതിൽ തഴുതിട്ടുറങ്ങി.

വാസനത്തൈലത്താൽ വീണ്ടും കഴുകി
മാലാഖമാർ നിൻെറ കാലടി രണ്ടും.
കണ്ണീരു കൊണ്ടു കഴുകിത്തുടയ്ക്കാൻ
എന്നെ, യനുവദിക്കൂ ദൈവപുത്ര!

കാൽവരിക്കുന്നിൻെറ താഴ്‌വരയികൽ
കാലഘട്ടങ്ങൾ തൻ കല്‌പടവികൽ
ദേവ! നിൻ സന്നിധാനത്തിലേയ്ക്കിന്നും
ഞാനുമെൻ ദുഃഖവും കൈകോർത്തു വന്നു. ■